ശ്രീ. സി. അച്യുത മേനോൻ : പുറൽ വാട്ടർ സപ്ലൈ സ്കീം തുറക്കുന്നതു് എത്ര തവണത്തെ അടിസ്ഥാനപ്പെടുത്തിയാണു്. വല്ല തവവും ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടോ ; ഞാൻ ചോദിക്കാൻ കാരണം ലിസ്റ്റു് വായിച്ച അവസരത്തിൽ ലിസ്റ്റിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ എത്രയോ അധികം പ്രദേശങ്ങളിൽ ഈ സ്കീം അനുവദിക്കേണ്ടതായിട്ടുണ്ടു്, അതുകൊണ്ടു് എത്ര തവണത്തെ ആസ്പദമാക്കിയാണു് ഇതനുവദിക്കുന്നതു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സാധാരണയായി ഡി. ഡി സി. കാരു ഒരു ലിസ്റ്റു് തയാറാക്കി അയക്കുന്നുണ്ടു്. അതിനകത്തുനിന്നു് മൊത്തമായിട്ടു് ഒരു എസ്റ്റിമേറ്റു് തയ്യാറാക്കി അതു് വാട്ടർ സപ്ലൈ ബോർഡിന്റെ മുമ്പാകെ പരിഗണനക്കു വയ്ക്കും, അവർ പ്രയോറിട്ടി കൊടുക്കുന്നതനുസരിച്ചാണു് സ്കീമുകൾ കൊടുത്തുകൊണ്ടിരിക്കുന്നതു്.

മെഡിക്കൽ കാളേജു് ആശുപത്രിയിലെ മലിനജലവും മലിന വസ്തുക്കളും.

* 454- [11] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കാളേജാശുപത്രിയിലെ മലിനജലവും മലിനവസ്തുക്കളും കാളേജു് കാമ്പൗണ്ടിനു് പടിഞ്ഞാറുവശത്തുള്ള നെൽപാടങ്ങളിലേക്കു് നിർബാധം ഒഴുകി പോകുന്നതുമൂലം പൊതുജനാരോഗ്യത്തിനു് ഹാനിയും കൃഷിനാശവും ഉണ്ടാകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ നടപടികളും സ്വീകരിച്ചു് സമീപവാസികളുടെ ആരോഗ്യവും ആ പ്രദേശങ്ങളിലെ കൃഷിയും സംരക്ഷിക്കാൻ വേണ്ട പണി ആരംഭിച്ചു പൂർത്തിയാക്കാൻ ഗവണ്മെന്റിനു് ഉദ്ദേശമുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) പവ്വർ ലാണ്ടറിയിൽനിന്നും പുറത്തേക്കുപോകുന്ന ജലം മേൽപ്പറഞ്ഞ നെൽപ്പാടത്തിനു സമീപമുള്ള തോട്ടിൽകൂടി ഒഴുകുന്നുണ്ടു്. ഇതു വളരെ കുറഞ്ഞ അളവിൽ മാത്രമാണു് തോട്ടിലേക്കു പോകുന്നതു്. മെഡിക്കൽ കാളേജിലെ ഓടകളിലും മറ്റുമുള്ള ജലം അവിടത്തെ സീവേജ് സിസ്റ്റത്തിലേക്കാണു് പോകുന്നതു്. അതു് വെളിയിലേക്കു വിടുന്നതു് ഫിൽറ്റർ ചെയ്തതിനുശേഷമാണു്. അതുകൊണ്ടു് കൃഷിക്കോ, സമീപവാസികളുടെ ആരോഗ്യത്തിനോ ഹാനികരമാകുന്നതല്ല.

പവ്വർ ലാണ്ടറിയിൽനിന്നും ജലം ശുദ്ധീകരിച്ചു് തോട്ടിൽ വിടുന്നതിനു് ഒരു പ്ലാൻറു സ്ഥാപിക്കുന്നകാര്യം ഗവണ്മെന്റു് ആലോചിച്ചുവരുന്നു.

ശ്രീ. കെ. അനിരുദ്ധൻ : 1957—ലും, 1961—ലും ഇക്കാര്യം സംബന്ധിച്ചു് ഒരു മെമ്മോറാണ്ടം ഗവണ്മെന്റിനു നൽകിയിട്ടുണ്ടെന്നാണറിവു്. അതുപോലെതന്നെ ഈ പവ്വർ ലാണ്ടറിയിൽനിന്നു മാത്രമല്ല ആസ്പത്രെഷൻ തിയേറ്ററിൽ നിന്നുപോലും അറുത്തുകളയുന്ന ഇറച്ചിയുടെ അംശവും, രക്തവും, പഴുപ്പും മറ്റും ആ പ്രദേശത്തേക്കു് ഒഴുകിപ്പോവുകയും അതിനെത്തുടർന്നു് അവിടെ കൃഷിനാശവും, അതുപോലെതന്നെ അതു് കെട്ടിക്കിടന്നു് വല്ലാത്ത നാറ്റവും മറ്റും ഉണ്ടാകുന്നുണ്ടു്, അതുകൊണ്ടു് ഇക്കാര്യത്തെക്കുറിച്ചു് ഒരന്വേഷണം നടത്തുകയും, എന്തെങ്കിലും അടിയന്തിരമായി ചെയ്യാൻ പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനോടു് ആവശ്യപ്പെടുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു മറുപടിയാണു് ഞാൻ പറഞ്ഞതു്. മെഡിക്കൽ കോളേജിനകത്തുനിന്നുള്ള വെള്ളം അവിടെനിന്നും ഫിൽറ്റർ ചെയ്തു വിടുന്നതുകൊണ്ടു് ആളുകൾക്കു് യാതൊരു ദോഷവും ഇല്ലെന്നു കണ്ടിട്ടുണ്ടു്. പൗവർ ലാണ്ടറിയിൽനിന്നുവരുന്ന ജലം ശുദ്ധീകരിച്ചു് തോട്ടിൽ വിടുന്നതിനു് ഒരു പ്ലാന്റു് സ്ഥാപിക്കുന്ന കാര്യം ആലോചിച്ചു വരികയാണു്.

ശ്രീ. കെ. അനിരുദ്ധൻ : ഈ കാര്യത്തെക്കുറിച്ചു് ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തുവന്നു് പരിശോധിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് വിദഗ്ധന്മാർ പരിശോധിക്കേണ്ടതാണു്.

ഹോംഗാർഡുകൾ.

* 455. [12] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഹോംഗാർഡുകളുണ്ടു് ;

(ബി) അവർക്കുവേണ്ടി പരിശീലനകാലത്തേക്കു് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ;

(സി) പരിശീലനത്തിനു നിശ്ചയിക്കപ്പെട്ട സ്ഥലത്തേക്കു് ബസ്സിൽ യാത്രചെയ്തു് വരേണ്ട ദൂരം ഉള്ളപ്പോൾ ചെലവാകുന്ന യഥാർത്ഥത്തിലുള്ള ബസ്സു കൂലി കൊടുക്കുന്നതിനും, ഇന്നു നൽകുന്ന വാഷിംഗ് അലവൻസു് ഒരു രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 3,975 (മൂവായിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ചു്).

(ബി) 1. സൗജന്യ യൂണിഫോം.

2. ഓരോ പരേഡിനും 50 നയാപൈസ തോതിൽ മാസത്തിൽ പത്തുരൂപയിൽ കവിയാതെ പരേഡ് അലവൻസു്.

3. പരിശീലനകേന്ദ്രങ്ങളിൽനിന്നും അഞ്ചു നാഴികയിൽ അധികം ദൂരമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്കു് പരേഡിൽ പങ്കെടുക്കുന്നതിനുള്ള യഥാർത്ഥ യാത്രക്കൂലി.

4. പരിശീലനകേന്ദ്രങ്ങളിൽനിന്നും അഞ്ചുനാഴികക്കുള്ളിൽ താമസിക്കുന്നവർക്കു് പരേഡിൽ പങ്കെടുക്കുന്നതിനുള്ള യാത്രച്ചെലവിലേക്കായി പരേഡ് ഓരോന്നിനും പത്തു നയാപൈസ.

5. ഏഴുദിവസത്തിലധികം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്കു് ദിവസത്തിൽ മൂന്നുരൂപ വീതവും, ഏഴുദിവസത്തിൽ കുറവായ ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്കു് ദിവസത്തിൽ 2 രൂപ 50 നയാപൈസ തോതിലും ക്യാമ്പു് അലവൻസു്.

6. ഡ്യൂട്ടിക്കു് നിയോഗിക്കുമ്പോൾ ദിവസത്തിൽ 2 രൂപ 50 നയാപൈസ തോതിൽ ഡ്യൂട്ടി അലവൻസു്.

LIBRARY ARCHIVES Kerala Legislative Assembly